പ്രകൃതിക്ഷോഭം മൂലം നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് സഹകരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച സഹായം

*17 [18] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടയിടെയുണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ നഷ്ടം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് സഹകരണ സ്ഥാപനങ്ങളിൽനിന്ന് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണ്?

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം):

(എ, ബി) സഹായം ചെയ്യുവാനുള്ള സത്വര നടപടികളും സ്വീകരിച്ചു വരുന്നു. സഹകരണ സ്ഥാപനങ്ങളിൽനിന്നും കൃഷി ആവശ്യത്തിന് എടുത്തിട്ടുള്ള ഹ്രസ്വകാല വായ്പകളും മദ്ധ്യകാല വായ്പകളാക്കി മാറ്റി കൊടുക്കുക, കർഷകർ അടയ്ക്കേണ്ടതായ പലിശ ഒരു വർഷത്തേയ്ക്ക് കാലാവധി മാറ്റി കൊടുക്കുക, ദീർഘകാല വായ്പകളുടെ കാലാവധി പുനർ നിർണ്ണയം ചെയ്യുക, തുടങ്ങിയ ആശ്വാസ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ബാലവാടി അദ്ധ്യാപകർ

*18 [19] ശ്രീ. കെ. ശങ്കരനാരായണ പിള്ള:
,, കെ. കൃഷ്ണൻകുട്ടി:
,, ആർ. എസ്. ഉണ്ണി:
,, എ. സി. ഷൺമുഖദാസ്:
,, കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. സി. ഡി. എസ്. പ്രോജക്ടുകൾ നടപ്പാക്കിയ വികസന ബ്ലോക്കുകളിലെ ബാലവാടി അദ്ധ്യാപികമാരെ അംഗനവാടി വർക്കർമാരാക്കിനിയമനം നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ബ്ലോക്കിലും പ്രവർത്തിച്ചിരുന്ന ബാലവാടി അദ്ധ്യാപികമാരുടെ എണ്ണത്തിനൊത്ത അംഗനവാടികൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതു സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ?

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം):

(എ, ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly